മാതൃഭൂമി

06 January 2020

## വരൂ, കഴിക്കാം നീരാളി ബിരിയാണി റെഡി

# സി.എം.എഫ്.ആർ.ഐ.യിൽ കടൽവിഭവ ഭക്ഷ്യമേള ബുധനാഴ്ച മുതൽ

കൊച്ചി▸ നീരാളി ബിരിയാണി, നീരാളി പൊരിച്ചത്, കല്ലുമ്മക്കായ നിറച്ച് പൊരിച്ചത്, ചെമ്മീൻ-കൂന്തൽ-ഞണ്ട് രുചിക്കൂട്ടുകൾ, ജീവനുള്ള കടൽ മുരിങ്ങ... കടൽ വിഭവങ്ങളുടെ സ്വാദറിയാൻ മേളയൊരുക്കുന്നത് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.എഫ്.ആർ.ഐ). ബുധനാഴ്ച മുതൽ മൂന്നു ദിവസം സി.എം.എഫ്.ആർ.ഐ.യിലാണ് മേള. സമുദ്രമത്സ്യ ശാസ്ത്രജ്ഞരുടെ കൂട്ടായ്മയായ മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (എം.ബി.എ.ഐ.) സംഘടിപ്പിക്കുന്ന മൂന്നാമത് രാജ്യാന്തര സിമ്പോസിയത്തിന്റെ (മീകോസ്-3) ഭാഗമായാണ് ഭക്ഷ്യമേള. ഉച്ചയ്ക്ക് 12 മുതൽ രാത്രി എട്ടു വരെയാണ് മേള. പ്രവേശനം സൗജന്യം.